രംഗവേദിയിലെ സ്ത്രീയുടെ പദവി അധികാരവ്യവസ്ഥയിലെ അവളുടെ സ്ഥാനത്തോട് ബന്ധപ്പെട്ടുനിൽക്കുന്നു.

പ്രാക്തനഗോത്രങ്ങളിൽനിന്നാണ് ഇന്നത്തെ സമൂഹം രൂപപ്പെട്ടത്. ഒരു ഗുരുവിന്റെ/മൂപ്പന്റെ അനുയായികൾ ചേർന്നതായിരുന്നു ഗോത്രം. അനേകം ഗോത്രങ്ങൾ പരസ്പരം മത്സരിച്ചാണ് നിലനിന്നിരുന്നത്. ഓരോ ഗോത്രത്തെയും നിലനിർത്തിയത് മൂന്ന് അടിസ്ഥാനധാരണകളായിരുന്നു - 1. തങ്ങളുടേതാണ് ഏറ്റവും ശ്രേഷ്ഠമായ ഗോത്രം. 2. അംഗങ്ങളുടെ രക്തശുദ്ധിയാണ് ഗോത്രത്തിന്റെ ശക്തി. 3. സങ്കരമുണ്ടാകുന്നത് സ്ത്രീയിലൂടെയാണ്. സ്ത്രീക്ക് അന്യസ്പർശം ഒഴിവാക്കുകയാണ് തനിമ നിലനിർത്താനുള്ള ഏക മാർഗ്ഗം. സമാന്തരമായി അത്തരമൊരു നിയന്ത്രണം പുരുഷനാവശ്യമില്ല. അതുകൊണ്ട് സ്ത്രീ പതിവ്രതയാകണം, പുരുഷൻ പത്നീവ്രതൻ ആയിക്കൊള്ളണമെന്നില്ല.

ഇതേ ബോധമണ്ഡലം ബലപ്പെടുത്താനാണ് തുടർന്നുവന്ന ജാതിമതകൂട്ടായ്മകൾ യത്നിച്ചത്. ഗോത്രധാരണകൾ ആധുനികസമൂഹം എത്ര കർശനമായിട്ടാണ് പാലിക്കുന്നതെന്ന് വിവാഹപ്പരസ്യങ്ങൾ വരന്/വധുവിന് നിഷ്കർഷിക്കുന്ന യോഗ്യതകൾ സാക്ഷ്യം വഹിക്കുന്നു.

ഈ ബോധമണ്ഡലത്തെ ഉടച്ച് സ്ത്രീയെ അടുക്കളയിൽ നിന്ന് അരങ്ങത്ത് കൊണ്ടുവരാനാണ് കേരളത്തിൽ നവോത്ഥാനം ശ്രമിച്ചത്. ഭാഗികമായി വിജയിക്കാനേ അന്നു കഴിഞ്ഞുള്ളൂ. അനേകായിരം വർഷങ്ങൾകൊണ്ട് പെണ്ണുടലിനെ പൊതിയാൻ പണിതുവെച്ച ഉരുക്കുകവചം തകർക്കാതെ ലിംഗസമത ജീവിതത്തിലും നാടകത്തിലും സാദ്ധ്യമാകുകയില്ല. പുരുഷമേധാവിത്വമെന്ന അതിലളിതവൽക്കരണം പ്രശ്നത്തിന് പരിഹാരമല്ല.

കെ.ജി. പൗലോസ്